ഗവൺമെൻറ് തന്നെ നിയമിച്ച ജനാർദ്ദനൻ കമ്മീഷൻ റിപ്പോർട്ട് ചെയ്യുകയുണ്ടായി. നെൽകൃഷിക്ക് ചില സഹായങ്ങൾ ചെയ്യണമെന്നും റിപ്പോർട്ടിൽ തന്നെ നിർദ്ദേശിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ സഹായങ്ങൾ 80,000 ഹെക്ടർ മാത്രം വരുന്ന തൃശ്ശൂർ, കുട്ടനാടൻ നിലങ്ങളിൽ മാത്രമേ പറയുന്നുള്ളൂ. ഈ 7 ലക്ഷം ഹെക്ടറിൽ പെടുന്ന കൃഷിക്കാർക്ക് പൊതുവായിട്ട് എത്ര ഹെക്ടറിനു സഹായം കൊടുക്കുന്നുണ്ട് എന്നു പറയാമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിന് പ്രത്യേകം നോട്ടീസ് വേണം.

റേഷൻ സാധനങ്ങൾ

*5 [203] ശ്രീ. എം. കെ. കേശവൻ:

,, കെ. പി. പ്രഭാകരൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:

ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിനു ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

സംസ്ഥാനത്ത് ന്യായവില ഡിപ്പോകൾവഴി ഇപ്പോൾ എന്തെല്ലാം സാധനങ്ങൾ വിതരണം ചെയ്തുവരുന്നു?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): ന്യായവില ഡിപ്പോകൾ വഴി അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, പാമോയിൽ എന്നിവയും ഗവൺമെൻറിൻറെ അപ്പപ്പോഴുള്ള നിർദ്ദേശമനുസരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അന്യ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ചു കൊണ്ടുവരുന്ന അരിയും കാർഡുടമകൾക്ക് നൽകി വരുന്നു.

ശ്രീ. എം. കെ. കേശവൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ഈ സാധനങ്ങൾ നമ്മുടെ റേഷൻഡിപ്പോകളിൽ നിന്നും കാർഡ് ഉടമകൾക്ക് ലഭിക്കുന്നില്ല. ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തക്കസമയത്ത് ഈ സാധനങ്ങൾ വിതരണം ചെയ്യാൻ തയ്യാറാകാതെ ആഴ്ചയുടെ അവസാനം ശനിയാഴ്ച മാത്രം ഇതു വിതരണം ചെയ്യുന്ന സമ്പ്രദായം നിലനിൽക്കുന്നുണ്ട്. ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിവരം പൊതുവെ ശരിയല്ല. എല്ലാസ്ഥലങ്ങളിലും പന്തീരായിരത്തിൽ അധികം വരുന്ന ന്യായവില ഡിപ്പോകൾ വഴി കൃത്യമായി തന്നെ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഏതെങ്കിലും ഡിപ്പോകളിൽ അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അതു പരിശോധിക്കാനും ആ ഡിപ്പോയുടെ പേരിൽ നടപടി എടുക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കേശവൻ: ന്യായവില ഡിപ്പോകളിൽ കൂടി വിതരണം ചെയ്യുന്ന അരി, പഞ്ചസാര തുടങ്ങിയ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും കാർഡുടമകൾക്ക് വിതരണം ചെയ്യണമെന്നു വ്യവസ്ഥയുണ്ടെങ്കിലും അങ്ങനെ കിട്ടുന്നില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് ഇടയ്ക്കിടയ്ക്ക് കടകളിൽ പോയി പരിശോധിച്ച് കൃത്രിമങ്ങൾ കാണിക്കുന്ന കടക്കാർ ഉണ്ടെങ്കിൽ അവരുടെ പേരിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: ഇതു പരിശോധിക്കാൻ സാധാരണ നിലയിൽ തന്നെ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥൻമാർ ഉണ്ട്. പിന്നെ വിജിലൻസ് ഉദ്യോഗസ്ഥൻമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പരിശോധിക്കുകയാണ് അവരുടെ പ്രധാനമായ ജോലി.

ശ്രീ. കെ. പി. പ്രഭാകരൻ: സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ശേഖരിക്കുന്ന അരിയല്ലാതെ മറ്റെന്തെങ്കിലും അവശ്യ സാധനങ്ങൾ റേഷൻ ഷോപ്പുകൾ വഴിയോ മാവേലിസ്റ്റോറുകൾ വഴിയോ വിതരണം ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്?

ശ്രീ. യു. എ. ബീരാൻ: മാവേലി സ്റ്റോറുകൾ വഴി ധാരാളം ഐറ്റംസ് വിതരണം ചെയ്യുന്നുണ്ട്. ഇവിടത്തെ പ്രധാന ചോദ്യം എ. ആർ. ഡി. ഷോപ്പുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളെക്കുറിച്ചാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ന്യായവില ഷോപ്പുകൾ വഴി തന്നെ അരിയല്ലാതെ മറ്റ് സാധനങ്ങളും വിതരണം ചെയ്യുന്നുണ്ട്. അത് ഏതൊക്കെയാണെന്ന് പറയാമോ?

ശ്രീ. യു. എ. ബീരാൻ: അതു ഞാൻ പറഞ്ഞല്ലോ. അരി, ഗോതമ്പ്, മണ്ണെണ്ണ, പാമോയിൽ ഇവയാണ് ന്യായവില ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ന്യായവിലഷോപ്പുകൾ വഴി വിതരണം ചെയ്യുന്നതിന് പുതിയ എന്തെങ്കിലും ഇനങ്ങൾ കൂടി ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: ഇല്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: റേഷൻഷോപ്പുകൾ വഴി കൊടുക്കുന്ന സാധനങ്ങളുടെ അളവിൽ കൃത്രിമങ്ങൾ ഉണ്ടെന്നും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതു കണ്ടുപിടിക്കുന്നതിന് വിജിലൻസ് സ്കാഡ് ഉണ്ടെന്നും പറഞ്ഞു. വിജിലൻസ് സ്കാഡിന്റെ പ്രവർത്തനവും ശരിയായിട്ടു നടക്കുന്നെന്നു തോന്നുന്നില്ല. അതുകൊണ്ട് ഒരു മൊബൈൽ സ്കാഡിനെകൂടി ഏർപ്പെടുത്തി കാലാകാലങ്ങളിൽ പരിശോധന നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: വിജിലൻസ് സ്കാഡ് നന്നായിട്ട് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly